LIBRARY ARCHIVES Kerala Legislative Assembly

ജൈവ കൃഷിരീതി വ്യാപിപ്പിക്കാൻ പദ്ധതി

127 (3330) ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. ടി. എൻ. പ്രതാപൻ:

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കൃഷിരീതി വ്യാപിപ്പിക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ കാർഷിക വ്യവസ്ഥയെ സുസ്ഥിരവും, ലാഭകരവും വിപണിയിൽ നിലനിൽക്കാൻ പ്രാപ്തവും എല്ലാവർക്കും വിഷമുക്തമായ വെള്ളം, മണ്ണ്, ഭക്ഷണം എന്നിവ പ്രധാനം ചെയ്യാൻ കെല്പുള്ളതുമാക്കി മാറ്റുക എന്നതാണ് ജൈവ കൃഷിയിലൂടെ മുഖ്യമായും ലക്ഷ്യമിടുന്നത്.

(സി)

1. ജൈവ കൃഷിയെക്കുറിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുവാൻ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതല പരിശീലന പരിപാടികൾ, സെമിനാർ, വർക്ക് ഷോപ്പ് തുടങ്ങിയവ സംഘടിപ്പിച്ചു.

2. അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിലുള്ള വിഷാംശത്തിന്റെ അളവ് പരിശോധിക്കാനുള്ള സംവിധാനം വെള്ളായണി കാർഷിക കോളേജിലെ ലബോറട്ടറിയിൽ ശക്തിപ്പെടുത്തി ആയതിന്റെ പരിശോധനാഫലങ്ങൾ പ്രസിദ്ധീകരിച്ച് സംസ്ഥാന ത്തിനകത്ത് തന്നെ ആവശ്യമായ പച്ചക്കറികൾ ഉല്പാദിപ്പിക്കുവാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി.

3. ജൈവ കൃഷി വ്യാപനത്തിനായി കൃഷി വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെട്ട കർഷകർക്ക് അവബോധം നൽകുകയും, സ്കൂൾതലം, വിട്ടുവളപ്പ്, ടെറസ്സ്, പൊതുസ്ഥലങ്ങൾ, കൃഷിയിടങ്ങൾ എന്നിവിടങ്ങളിലെല്ലാം തന്നെ പച്ചക്കറികൃഷി ചെയ്യുവാനുള്ള പ്രോൽസാഹനം നൽകിവരികയും ചെയ്യുന്നു.

4. നടീൽ വസ്തുക്കളും, ജൈവ ഉല്പാദനോപാധികളും സുലഭമായി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5. ജൈവ ഉല്പന്നങ്ങളും, ഉല്പാദനോപാധികളും ലഭ്യമാക്കുവാനായി നിലവിൽ കാസർഗോഡ് ജില്ലയിൽ 5 ഇക്കോഷോപ്പുകൾ ആരംഭിച്ചതിന് പുറമേ ബാക്കി 13 ജില്ലകളിൽ കൂടി 65 ഇക്കോ ഷോപ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

6. 2015-16-ൽ പി.ജി.എസ്. (Participatory Guarantee System) പ്രകാരമുള്ള ജൈവ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നാഷണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് (NCOF) വെജിറ്റബിൾ&ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയെ പി.ജി.എസ്. പ്രകാരമുള്ള ജൈവ സർട്ടിഫിക്കേഷനുള്ള അംഗീകൃത ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. അതിൻപ്രകാരം എല്ലാ ജില്ലകളിലേയും ജൈവ കൃഷിക്ക് പി.ജി.എസ്. സംവിധാനത്തിൽ ജൈവ കൃഷി സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുന്നു.

7. അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറികളിലെ വിഷാംശം പരിശോധിച്ച് പരിശോധനാ ഫലം കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ് എന്നിവയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും വിഷാംശം പരിധിയിൽ കുറവായവയെ സേഫ് ടു ഈറ്റ് എന്ന് ലേബൽ ചെയ്ത് ഹോർട്ടികോർപ്പ് ചുരുങ്ങിയ തോതിൽ വിപണിയിൽ ലഭ്യമാക്കുന്നുണ്ട്.

8. ജൈവ കാർഷികോല്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ഹോർട്ടികോർപ്പ്, കൃഷി വകുപ്പിന്റെ ബ്ലോക്കുതല ഫെഡറേറ്റഡ് സമിതി, എ ഗ്രേഡ് ക്ലസ്റ്റർ സംഭരണ കേന്ദ്രങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നു.

9. സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാന പദ്ധതി നടപ്പിലാക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനായി 2015-16-ൽ സംസ്ഥാനത്ത് ഏറ്റവും മികച്ച നിയോജക മണ്ഡലം/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ പഞ്ചായത്തുകൾ എന്നിവക്ക് അവാർഡ് നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

10. അന്താരാഷ്ട്ര മണ്ണ വർഷമായ 2015-ൽ വിഷവിമുക്തമായ മണ്ണിലൂടെ ജൈവ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനും ആവശ്യ അളവിൽ വളം ചെയ്യുന്നതിനും മണ്ണിലുള്ള പോഷക ഘടകങ്ങൾ തിരിച്ചറിയുന്നതിന് സോയിൽ ഹെൽത്ത് കാർഡുകൾ എല്ലാ കർഷകരിലും എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

11. ജൈവ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തുവാനും ഏകോപനത്തിനുമായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഓർഗാനിക് ഫാമിംഗ് സെല്ലുകളുടെ രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ജൈവ പച്ചക്കറി ഉൽപ്പാദന കൂട്ടായ്മകൾ

128 (3331) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളും, സംഘടനകളും വ്യക്തികളും ജൈവ പച്ചക്കറി ഉൽപ്പാദന കൂട്ടായ്മകൾ സംഘടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ കൂട്ടായ്മകൾ പ്രശംസനീയമാംവിധം പ്രവർത്തിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇത്തരം കൂട്ടായ്മകൾക്ക് ഇതിനകം എന്തെല്ലാം സഹായങ്ങൾ നൽകി എന്നും എന്തെല്ലാം സഹായങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ പ്രമുഖ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും, സമുദായ സംഘടനകളുടെയും കൂട്ടായ്മകളും റസിഡൻസ് അസോസിയേഷനുകൾ, എൻ.ജി.ഒ.-കൾ, സ്വയം സഹായ സംഘങ്ങൾ കൂടാതെ സംസ്ഥാനത്ത് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം രൂപീകരിച്ച പച്ചക്കറി കർഷക ഗ്രൂപ്പുകളുടെ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ഡിസ്ട്രിക്ട് ക്ലസ്റ്ററുകൾ തുടങ്ങിയവ പ്രശംസനീയമാം വിധം പ്രവർത്തിച്ചു വരുന്നു.

(സി) സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനായി വിത്തുകളും തൈകളും സൗജന്യമായി നൽകുകയും ബോധവൽക്കരണ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരികയും ചെയ്യുന്നു. കൂടാതെ പച്ചക്കറി കൃഷി ചെയ്യുന്നതിന് കർഷകർക്ക് ഒരു ഹെക്ടറിന് 15,000 രൂപ എന്ന നിരക്കിൽ സഹായധനം കൃഷി ഭവനുകൾ മുഖേന നല്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷവും ഇതേ നിരക്കിൽ ആനുകൂല്യം നൽകാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly